## 15 -ാം കേരള നിയമസഭ

## 2 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1226** — **27-07-2021 - ൽ മറുപടിയ്ക്ക്**

## കെ.എസ്.ആർ.ടി.സി. പെൻഷൻ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. തോമസ് ,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. ടി.സിദ്ദിഖ് | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. പെൻഷൻ സമയബന്ധിതമായി ലഭിക്കാത്തതു കാരണം നാല്പതിനായിരത്തോളം വരുന്ന മുൻ കെ.എസ്.ആർ.ടി.സി. തൊഴിലാളികളും അവരുടെ കുടുംബങ്ങളും പ്രതിസന്ധിയിലായിരിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | 2021 ജൂൺ മാസം വരെയുള്ള പെൻഷൻ സഹകരണ ബാങ്കുകളുടെ കൺസോർഷ്യം മുഖേന പൂർണ്ണമായും വിതരണം ചെയ്തു കഴിഞ്ഞു. |
| (ബി) | പൂർണമായും സർക്കാർ ഫണ്ടിൽ നിന്ന് നൽകുന്ന പെൻഷൻ നേരിട്ട് നൽകാതെ ഇടനിലക്കാരായി സഹകരണ ബാങ്കുകളെ നിയോഗിച്ചിരിക്കുന്നതാണ് പെൻഷൻ സമയബന്ധിതമായി ലഭിക്കാത്തതിന്റെ കാരണമെന്ന് സർക്കാർ കരുതുന്നുണ്ടോ; | (ബി) | കെ.എസ്.ആർ.ടി.സി. പെൻഷൻ വിതരണം നടത്തേണ്ട ചുമതല കെ.എസ്.ആർ.ടി.സി. യ്ക്കാണ്. സർക്കാരിന് ഇക്കാര്യത്തിൽ നേരിട്ട് ബാദ്ധ്യത ഇല്ലാതിരുന്നിട്ടും കെ.എസ്.ആർ. ടി.സി.യുടെ നിലവിലെ മോശമായ സാമ്പത്തിക സ്ഥിതിയിൽ മാനുഷിക പരിഗണന കണക്കിലെടുത്താണ് താൽക്കാലികമായി സഹകരണ ബാങ്കുകളുടെ കൺസോർഷ്യം മുഖേന പെൻഷൻ വിതരണം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളത്. ഇതിനാലാണ് കോവിഡ്-19 എന്ന മഹാമാരിയുടെ പ്രതിസന്ധി ഘട്ടത്തിൽ പോലും പെൻഷൻ വിതരണം മുടക്കം കൂടാതെ നടത്താൻ സാധിച്ചത്. |
| (സി) | കാലാവധി കഴിയുമ്പോൾ സഹകരണ ബാങ്കുകളുമായുള്ള കരാർ പുതുക്കലും തുടർന്ന് എല്ലാ മാസവും പെൻഷൻ ഫയലുകൾ സെക്രട്ടറിയേറ്റിലേയ്ക്കും കെ.എസ്.ആർ.ടി.സി.യിലേയ്ക്കും സർക്കുലേറ്റ് ചെയ്യേണ്ടി വരുകയും ചെയ്യുന്നതിനാൽ പെൻഷൻ താമസിക്കുന്നു എന്ന ആക്ഷേപം സർക്കാർ ഗൗരവമായി കാണുന്നുണ്ടോ; | (സി) | സഹകരണ ബാങ്കുകളുമായുള്ള കരാർ കാലാവധി അവസാനിക്കുന്ന മുറയ്ക്ക് പുതിയ കരാർ ഒപ്പ് വയ്ക്കുന്നതിനുള്ള ഭരണപരമായ നടപടികൾ സ്വീകരിക്കുന്നതിനുള്ള കാലതാമസം മാത്രമാണ് ഉണ്ടായിട്ടുള്ളത്. പെൻഷൻ വിതരണം നടത്തുന്നതിന് പ്രാഥമിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം ഈടാക്കുന്ന പലിശ നിരക്ക് കുറയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ഡി) | എങ്കിൽ ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ഡി) | സഹകരണ ബാങ്കുകളുമായുള്ള കരാർ കാലാവധി അവസാനിക്കുന്ന മുറയ്ക്ക് പുതിയ കരാർ ഒപ്പ് വയ്ക്കുന്നതിനുള്ള ഭരണപരമായ നടപടികൾ സ്വീകരിക്കുന്നതിനുള്ള കാലതാമസം മാത്രമാണ് |

| | | | |
|---|---|---|---|
| | | | ഉണ്ടായിട്ടുള്ളത്. പെൻഷൻ വിതരണം നടത്തുന്നതിന് പ്രാഥമിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം ഈടാക്കുന്ന പലിശ നിരക്ക് കുറയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ഇ) | ഈ സാഹചര്യത്തിൽ സർക്കാർ നേരിട്ട് കെ.എസ്.ആർ.ടി.സി. പെൻഷൻ നൽകാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഇ) | ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ